# ലോകനാഥൻ ഉയിർത്തരാത്രി

രചന:

ഫാ. ആബേൽ പെരിയപുരം സി. എം. ഐ.

സംഗീതം:

കെ. കെ. ആന്റണി

ലോകനാഥൻ ഉയിർത്തരാത്രി
ജീവനെങ്ങും തളിർത്ത രാത്രി
മരണം തകർന്നുവീണ ദിവ്യരാത്രി
നരരിൽ പ്രതീക്ഷചേർന്ന നവ്യരാത്രി

നൈരാശ്യത്തിൻ കടൽ കടന്നൂ
കൈവല്യ താരകം തെളിഞ്ഞൂ
സുരലോക മണ്ഡലം തുറന്നൂ
ധരമേൽ അനുഗ്രഹം പൊഴിഞ്ഞൂ

പാപം തുറന്നു വിട്ട ശാപം
മാററാനുദിച്ചുയർന്ന ദീപം
നിഴലിൽ പ്രകാശമായ് വിരിഞ്ഞൂ
അഴലിൽ പ്രമോദമായ് വളർന്നൂ

ലോകനാഥൻ ഉയിർത്തരാത്രി
ജീവനെങ്ങും തളിർത്ത രാത്രി
മരണം തകർന്നുവീണ ദിവ്യരാത്രി
നരരിൽ പ്രതീക്ഷചേർന്ന നവ്യരാത്രി